ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പബ്ലിക്ക് സർവ്വീസിൽ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ചില പ്രത്യേക പരിഗണനകൾ അനുവദിച്ചിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. ഞാനതു പറഞ്ഞുകഴിഞ്ഞു. എന്നാൽ മറ്റു അവശതകളുള്ള സമുദായങ്ങളുടെ കാര്യവും കൂടി കണക്കു കൂട്ടി ആ വ്യവസ്ഥ നടപ്പിലാക്കാമെന്നു വിചാരിച്ചാണു ഗവൺമെൻറ് ഒരു കമ്മറിയെ നിയമിച്ചതു.

ഹയറും, ശാസ്ത്രിയും പാസ്സായ വിദ്യാർത്ഥികൾ

*നമ്പർ വൃ. (ചോദ്യകർത്താവ്) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ.—

(എ) സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളവരെപോലെതന്നെ ഹയർ, ശാസ്ത്രി എന്നീ പരീക്ഷകൾ പാസായിട്ടുള്ളവർക്കും അദ്ധ്യാപക വൃത്തിയിൽ നിയമനത്തിൽ മുൻഗണന നൽകണമെന്നു ഗവൺമെൻറിനു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) അതു ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

വ്യയനൃനീകരണപദ്ധതി

*നമ്പർ ൽ. (നമ്പർ ഠ) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ വ്യയനൃനീകരണം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) റീഓർഗനൈസേഷൻ കമ്മറി റിപ്പോർട്ടനുസരിച്ചു് എക്സൈസ്, രജിസ്ട്രേഷൻ, സഹകരണം എന്നീ വകുപ്പുകളിൽ വ്യയനൃനീകരണം എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ട്;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഇനിയും അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സഹകരണവകുപ്പിൽ ഭാഗികമായി നടത്തിയ വ്യയനൃനീകരണം മൂലം കൊല്ലം ഡെപ്യൂട്ടി രജിസ്ട്രാഫീസിൽമാത്രം ജോലി വളരെ കൂടുതലായിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരു ഡിപ്പാർട്ടുമെൻറിലേയും വ്യയനൃനീകരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(ബി) റജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ വ്യയനൃനീകരണം നടപ്പിലാക്കിയിട്ടില്ല. ഇൻടേർണൽ ലാൻറ് കസ്റ്റംസ് നിറുത്തലാക്കുകയും എക്സൈസ് ഭരണം കേന്ദ്രഗവൺമെൻറ് ഏറെടുക്കുകയും ചെയ്തതിനാൽ ആ വകുപ്പിലെ ഒരു ഭാഗം ജീവനക്കാരെ കുറവു ചെയ്തിട്ടുണ്ട്. സഹകരണ ഡിപ്പാർട്ടുമെൻറിൽ മാ

LIBRARY ARCHIVES Kerala Legislative Assembly